ആശയം വ്യക്തമാക്കുക.

"പലമതസാരവുമേകമെന്നു പാരാ-
തുലകിലൊരാനയിലന്ധരെന്നപോലെ
പലവിധയുക്തി പറഞ്ഞു പാമരന്മാ-
രലയുവതോർത്തലയാതിരുന്നിടേണം."

ലോകത്തിൽ എല്ലാ മതങ്ങളുടെയും സാരം ഒന്നുതന്നെയെന്നു ഗ്രഹിക്കാതെ, അന്ധർ ആനയെ കാണുന്നതുപോലെ പലതരത്തിലുള്ള യുക്തികൾ പറഞ്ഞ് അറിവില്ലാത്തവർ അലയുന്നതുപോലെ ആകാതിരിക്കണം. അന്ധർ ആനയെ 'കാണുന്നത്' പലവിധത്തിലായിരിക്കുമല്ലോ. അവർക്ക് സ്പർശിക്കാൻ കഴിയുന്നത് എന്താണോ അതുപോലെയാണ് ആന എന്ന് അവർ പറയും. കാലിൽ തൊട്ടവൻ ആന തൂണുപോലെയാണ് എന്നും വാലിൽ തൊട്ടവൻ ആന ചൂലുപോലെയാണ് എന്നും ചെവിയിൽ തൊട്ടവൻ ആന മുറം പോലെയാണ് എന്നും പറയാം. ഇതുപോലെയാണ് പാമരന്മാരായ ആളുകൾ മതത്തെക്കുറിച്ച് പറയുന്നത്. ആർക്കുംതന്നെ മതം എന്താണ് എന്നു മനസ്സിലാകുന്നില്ല.